# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3734- 21/06/2018-ലെ മറുപടിക്ക്

## ഫിനാൻസ് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്

| ക്രമ നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ഡോ. ടി.എം.തോമസ് ഐസക് ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| | ചോദ്യം | ഉത്തരം |
| എ | പതിനഞ്ചാമത് യൂണിയൻ ഫിനാൻസ് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടിൽ കാര്യമായ കുറവ് ഉണ്ടാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ഉണ്ട് |
| ബി | പതിനാലാം ധനകാര്യ കമ്മീഷൻ 2011-ലെ സെൻസസ് അവലംബിച്ചത് പോലെ പതിനഞ്ചാം ധനകാര്യ കമ്മീഷനും 2011 -ലെ സെൻസസ് അവലംബിച്ചാൽ സംസ്ഥാനത്തെ സേവനമേഖലകളിൽ കാര്യമായ കുറവ് വരുമെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ധനകാര്യ കമ്മീഷന്റെ പരിഗണന വിഷയങ്ങളിലെ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ധനകാര്യ/ മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന തിരുവനന്തപുരം, അമരാവതി സമ്മേളനങ്ങളിലെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ടേംസ് ഓഫ് റഫറൻസ് ഐറ്റം 8-ൽ 2011-ലെ സെൻസസ് അടിസ്ഥാനമാക്കി വിഭവവിഭജനം നടത്തണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ടേംസ് ഓഫ് റഫറൻസ് ഐറ്റം 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള വിവേചനാധികാരം കമ്മീഷന് ലഭ്യമാക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക്, ജനസംഖ്യക്ക് തുല്യമായ വെയ്റ്റേജ് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| സി | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാര്യമായി ബാധിക്കുന്ന ഈ കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റായും 10% പെർഫോർമൻസ് ഗ്രാന്റായും ബാക്കി 30% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട് , ചുമതലകൾ , ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കിയും നൽകേണ്ടതാണ് എന്നും 10 % പെർഫോർമൻസ് ഗ്രാന്റ് ഓഡിറ്റിംഗ് അക്കൗണ്ടിംഗിലെ ഇ - ഗവർണൻസ് നടപടികൾ , പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ് എന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ